12-11-2009-ലെ സ.ഉ.(അച്ചടി)100/09/പജപവവിവ. നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും ടി ഇനത്തിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 67.41 കോടി രൂപ ബന്ധപ്പെട്ട സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 31-3-2010-ൽ കാലാവധി കഴിഞ്ഞ് കടിശ്ശികയായ വായ്പകൾക്കാണ് 30-3-2015-ലെ സ.ഉ.(അച്ചടി)24/15/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. ആനുകൂല്യത്തിന് അർഹത നേടുന്നതിന് വായ്പക്കാരൻ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട വായ്പാ സംഘങ്ങളിൽ ഹാജരാക്കേണ്ട സമയപരിധി 31-5-2015 എന്ന് നിർദ്ദേശിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. ടി പദ്ധതിയുടെ ആനുകൂല്യം പരമാവധി വായ്പക്കാർക്ക് ലഭ്യമാക്കുന്നതിനായി ജാതി/വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ട സമയപരിധി 30-6-2015 വരെ ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. സമയപരിധി വീണ്ടും ദീർഘിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

കേപ്പിന്റെ സാമ്പത്തികസ്ഥിതി

86(2074) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേപ്പ് സാമ്പത്തിക തകർച്ചയിലാണോ ; ആണെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; കേപ്പിന്റെ പൊതു സാമ്പത്തികസ്ഥിതി വിശദമാക്കാമോ ;

(ബി) കേപ്പിലെ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം നൽകാൻ എത്ര തുക വേണ്ടിവരും, വ്യക്തമാക്കാമോ ;

(സി) കേപ്പിലെ ജീവനക്കാർക്ക് 2015 മേയ് മാസത്തെ ശമ്പളം നല്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നൽകിയത് ; ഇതിനാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തിയത്, വ്യക്തമാക്കുമോ;

(ഡി) കേപ്പ് ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് വായ്പയും ഓവർഡ്രാഫ്റ്റും എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) വായ്പയും ഓവർ ഡ്രാഫ്റ്റും എടുത്ത വകയിൽ എത്ര തുക ഇനിയും സ്ഥാപനങ്ങൾക്ക് തിരിച്ചടയ്ക്കുവാനുണ്ട് ;

(എഫ്) കേപ്പിന്റെകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര സീറ്റുകൾ നിലവിൽ ഒഴിഞ്ഞുകിടപ്പുണ്ട് ; പ്രസ്തുത സീറ്റുകളിൽ അഡ്മിഷൻ നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാതിരുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

(ജി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം അവിടെയുള്ള ജീവനക്കാരുടെ ശമ്പളം, നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി കേപ്പ് എത്ര കോടി രൂപ ചെലവഴിച്ചു ; വിശദമാക്കാമോ ?

ഉത്തരം

(എ) അല്ല. 2014-15 ഓഡിറ്റ് ചെയ്യാത്ത വരവ് ചെലവ് കണക്കുകൾ പ്രകാരം കേപ്പിന്റെ റവന്യൂ വരവ് 52.81 കോടി രൂപയും റവന്യൂ ചെലവ് 48.35 കോടി രൂപയും ആയിരുന്നു. 4.46 കോടി രൂപ റവന്യൂ മിച്ചം ഉണ്ടായിരുന്നു എങ്കിലും കെട്ടിടങ്ങൾ ഉൾപ്പെടെ പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനുവേണ്ടി 16.71 കോടി രൂപ ചെലവാക്കേണ്ടിവന്നു. 11.33 കോടി രൂപ സർക്കാരിൽനിന്നും ഗ്രാന്റായി ലഭിച്ചതുകൊണ്ട് മൊത്തം കമ്മി 0.92 കോടി രൂപയായി കുറഞ്ഞു.

(ബി) ഒരു മാസം ശമ്പളം നൽകാനായി ശരാശരി 3 കോടി രൂപ വേണ്ടിവരും.

(സി) 2015 മെയ് മാസത്തെ ശമ്പളം 8-6-2015-ൽ നൽകിയിട്ടുണ്ട്. കേപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണ് ശമ്പളം നൽകിയത്.

(ഡി&ഇ) നബാർഡിൽനിന്നും ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 5.50 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ 84.68 കോടി രൂപ പലിശ ഉൾപ്പെടെ ഓവർഡ്രാഫ്റ്റ് അക്കൗണ്ടിൽ അടയ്ക്കുവാനായി അവശേഷിക്കുന്നുണ്ട്.

(എഫ്) മെരിറ്റ്-മാനേജ്മെന്റ് സീറ്റുകളിലേയ്ക്ക് എൻട്രൻസ് കമ്മീഷണർ നടത്തിയ അലോട്ട്മെന്റിനും എൻ.ആർ.ഐ. അഡ്മിഷൻ, സ്പോട്ട് അഡ്മിഷൻ, ഇന്റർ കോളേജ് ട്രാൻസ്ഫർ എന്നിവയ്ക്കശേഷം 584 സീറ്റുകൾ കേപ്പിന്റെകീഴിലുള്ള കോളേജുകളിൽ 2014-15 അധ്യാപന വർഷം ഒഴിഞ്ഞുകിടപ്പുണ്ട്. എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റ്വഴി കേപ്പ് എഞ്ചിനീയറിംഗ് കോളേജിലെ മുഴുവൻ സീറ്റുകളിലേയ്ക്കും (മെരിറ്റും/മാനേജ്മെന്റും) കുട്ടികളെ സാധാരണ ലഭിക്കാറില്ല. കൂടാതെ കേപ്പിന്റെ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച കുട്ടികൾ സ്വന്തം വീട്ടിനടുത്തുള്ള കോളേജുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻവഴി അഡ്മിഷൻ എടുത്ത് പോകുന്നതും കൂടുതൽ സീറ്റുകൾ ഒഴിവാകുന്നതിനും കാരണമാകുന്നു.

(ജി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം തിരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ സർക്കാർ ഉത്തരവനുസരിച്ച് 13,18,45,161 രൂപ മെഡിക്കൽ കോളേജിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly